**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ചാവക്കാട് നഗരസഭ – ചാവക്കാട് താലൂക്ക് മണത്തല വില്ലേജിൽ 273/1 എ, 273/2 എ, 273/2 ബി1 എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട 341 സെന്റ് സ്ഥലം ട്രഞ്ചിംഗ് ഗ്രൗണ്ട് വികസനത്തിനായി വാങ്ങുന്നതിന് ആവശ്യമുള്ള 2,02,14,480 രൂപയിൽ 1,02,14,480 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും ബാക്കി വരുന്ന ഒരു കോടി രൂപ ഹഡ്കോയിൽ നിന്നും വായ്പയായി എടുക്കുന്നതിനും അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ(സാധാ) നം. 2837/16/ത.സ്വ.ഭ.വ    തീയതി, തിരുവനന്തപുരം ,07.10.2016

---

പരാമർശം : - 1) 22/01/1998 - ലെ സ.ഉ.(പി)നം.18/98/എൽ.എ.ഡി നമ്പർ സർക്കാർ ഉത്തരവ്.

2) 31/02/2007-ലെ സ.ഉ.(എം.എസ്) നം.280/2007/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.

3) ചാവക്കാട് നഗരസഭാ കൗൺസിലിന്റെ 22/02/2016-ലെ 2-ം നമ്പർ തീരുമാനം

4) ചാവക്കാട് നഗരസഭാ സെക്രട്ടറിയുടെ 01.06.2016-ലെ E1-6774/11 നമ്പറിലുള്ള കത്ത്.

**ഉത്തരവ്**

ചാവക്കാട് നഗരസഭയ്ക്ക് ചാവക്കാട് താലൂക്ക് മണത്തല വില്ലേജിൽ 273/1 എ, 273/2 എ, 273/2 ബി1 എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ടതും ചാവക്കാട് നഗരസഭ വക മാലിന്യ സംസ്കരണശാലയുടെ സമീപത്തായി സ്ഥിതിചെയ്യുന്നതുമായ 341 സെന്റ് സ്ഥലം ഭൂരഹിതരായ 68 പേർക്ക് പതിച്ചുനല്കിയെങ്കിലും ടി സ്ഥലം വാസയോഗ്യമല്ലെന്ന് പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശ സ്ഥലം ട്രഞ്ചിംഗ് ഗ്രൗണ്ട് വികസനത്തിനായി ഉഭയകക്ഷി സമ്മതപ്രകാരം വാങ്ങുന്നതിനും ആയതിനാവശ്യമായ 2,02,14,480/-രൂപയിൽ 1,02,14,480/- രൂപ തനത് ഫണ്ടിൽ നിന്നു ചെലവഴിക്കുന്നതിനും ബാക്കി വരുന്ന ഒരു കോടി രൂപ ഹഡ്കോയിൽ നിന്നും വായ്പയായി എടുക്കുന്നതിനും ചാവക്കാട് നഗരസഭാ കൗൺസിൽ പരാമർശം (3) പ്രകാരം തീരുമാനിക്കുകയും, പരാമർശം (4) പ്രകാരം ചാവക്കാട് നഗരസഭാ സെക്രട്ടറി സർക്കാരിലേയ്ക്ക് അപേക്ഷിക്കുകയുമുണ്ടായി

2) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു അതിന്റെ അടിസ്ഥാനത്തിൽ ചാവക്കാട് താലൂക്ക് മണത്തല വില്ലേജിൽ 273/1 എ, 273/2 എ, 273/2 ബി1 എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട 341 സെന്റ് സ്ഥലം ട്രഞ്ചിംഗ് ഗ്രൗണ്ട് വികസനത്തിനായി വാങ്ങുന്നതിന് ആവശ്യമായ 2,02,14,480/-രൂപയിൽ 1,02,14,480 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും ബാക്കി വരുന്ന ഒരു കോടി രൂപ ഹഡ്കോയിൽ നിന്നും വായ്പയായി എടുക്കുന്നതിനും താഴെ പറയുന്ന നിബന്ധനകളോടെ അനുമതി നല്കി ഉത്തരവാകുന്നു.

## നിബന്ധനകൾ

ചാവക്കാട് നഗരസഭാ ട്രഞ്ചിംഗ് ഗ്രൗണ്ടിന് സമീപമുള്ള 341 സെന്റ് ഭൂമി വാങ്ങുന്ന ഇനത്തിൽ സംസ്ഥാന സർക്കാറിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല. എന്നാൽ ഹഡ്കോയിൽ നിന്നും വായ്പ എടുക്കുന്നതിനു ഗ്യാരണ്ടിയായി നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമി പണയമായോ സെക്യൂരിറ്റി ആയോ നൽകേണ്ടതായിട്ടുണ്ട് എന്നുള്ള വിഷയം, മുൻസിപ്പാലിററി വാങ്ങാനുദ്ദേശിക്കുന്ന 341 സെൻറ് സ്ഥലം ഏതൊക്കെ ആവശ്യങ്ങൾക്കു വേണ്ടിയാണ് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഏറ്റെടുത്തു നടപ്പിലാക്കാനുള്ള പദ്ധതികളുടെ ഫീസിബിലിററി റിപ്പോർട്ട്/വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് എന്നിവയുടെ ലഭ്യത, നഗരസഭയ്ക്ക് മറ്റേതെങ്കിലും വായ്പയെടുത്തവകയിൽ ബാധ്യതകൾ ഉണ്ടോയെന്ന വിഷയം, നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും 1,02,14,480 /- രൂപ ഭൂമി വാങ്ങാനായി പിൻവലിക്കുകയാണെങ്കിൽ അത് നഗരസഭ ഏറ്റെടുത്തു നടപ്പിലാക്കേണ്ട അനിവാര്യ ചുമതലകളുടെ നിർവഹണത്തെ എപ്രകാരം ബാധിക്കുമെന്നത്, 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിലെ ഓഡിറ്റഡ് ബാലൻസ് ഷീററ്, ഈ കാലയളവിലെ തനതു വരുമാനവും തനതു ഫണ്ടിൽ നിന്നുമുള്ള ചെലവും (ജീവനക്കാരുടെ ശമ്പളം, പെൻഷൻ, തനതു ഫണ്ടിൽ നിന്നും ഏറ്റെടുക്കേണ്ട അനിവാര്യ ചുമതലകളുടെ ചെലവ്, വിവിധ പദ്ധതികൾക്കായി തനതു ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുള്ള തുകയും അവയിൽ നിന്നുള്ള ചെലവ് (പ്രതീക്ഷിത ചെലവുകൾ ഉൾപ്പെടെ)), നീക്കിയിരിപ്പ് എന്നിവ കണക്കിലെടുത്തുകൊണ്ടുള്ള പരിശോധന എന്നീ കാര്യങ്ങൾ കൂടി നഗരസഭ കൗൺസിൽ വിശദമായി പരിശോധിച്ചുവേണം തുടർനടപടികൾ കൈക്കൊള്ളേണ്ടത്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ. വിശ്രുതൻ ആചാരി ,
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ചാവക്കാട് നഗരസഭ
ജില്ലാ കളക്ടർ, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം/അയയ്ക്കുന്നത്

സെക്ഷൻ ഓഫീസർ